വിൽപ്പന നികുതി വെട്ടിപ്പ് തടയാൻ നടപടി

19 [1988] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുമ്പോൾ വിൽപ്പന നികുതി ഇനത്തിൽ സർക്കാരിനു ലഭിക്കേണ്ട തുക ലഭിക്കാതെ പോകുന്ന കാര്യം ഗൗരവമായി കണക്കാക്കി നടപടികൾ കൈക്കൊള്ളുമോ;

(ബി) യഥാർത്ഥ വിൽപ്പന മറച്ചുവച്ചുകൊണ്ട് വിൽപ്പന നികുതി വെട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങൾ കണ്ടെത്താനും നടപടി സ്വീകരിക്കുവാനുമായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നികുതി ചോർച്ചയും നികുതി വെട്ടിപ്പും തടഞ്ഞ് നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി സ്വീകരിച്ചുള്ള നടപടികളുടെ ഫലമായി കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിലും മുൻവർഷങ്ങളിലേതിനേക്കാൾ കൂടുതൽ നികുതി പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) നികുതി വെട്ടിപ്പും നികുതി ചോർച്ചയും തടയുന്നതിന് വാണിജ്യ നികുതി വകുപ്പിൽ സംവിധാനങ്ങൾ നിലവിലുണ്ട്. ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ ചേർക്കുന്നു:

1. എൻഫോഴ്സ്മെന്റ് ജോയിന്റ് കമ്മീഷണറുടെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റലിജൻസ്/അന്വേഷണ വിഭാഗങ്ങൾ എല്ലാ ചെക്ക് പോസ്റ്റുകളിലും മിന്നൽ പരിശോധന നടത്തി ചെക്ക് പോസ്റ്റുകളിലെ കാര്യക്ഷമത ഉറപ്പു വരുത്തുകയും സംസ്ഥാനത്തുടനീളം വാഹന പരിശോധന നടത്തി നികുതി വെട്ടിപ്പ് തടയുകയും ചെയ്യുന്നു. പുതുതായി പ്രാബല്യത്തിൽ വരുന്ന ഇടവഴികളിൽ താൽക്കാലിക ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചും വണ്ടികൾ ഓവർചെക്കിംഗ് നടത്തിയും നികുതി ചോർച്ച തടയുന്നതിനു പുറമെ ചെക്ക്പോസ്റ്റ് ഡിക്സറേഷൻ പരിശോധിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതി വെട്ടിപ്പ് തടയുന്നതിന് മൊബൈൽ സ്ക്വാഡുകളും രംഗത്തുണ്ട്.

2. പാഴ്സൽ ഓഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ റിക്കാർഡുകൾ പരിശോധിച്ച് നികുതി വെട്ടിപ്പിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ചിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

3. നികുതിവെട്ടിപ്പ് സംബന്ധിച്ച് വിശ്വസനീയമായ വിവരം ലഭിച്ചു കഴിഞ്ഞാൽ വിൽപ്പന നികുതി ചട്ടത്തിലെ റൂൾ 26 പ്രകാരം വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് നികുതി വെട്ടിപ്പ് തടയുന്നു.

4. ചരക്കുവാഹനങ്ങൾ തടഞ്ഞുനിർത്തി പരിശോധിച്ച് രേഖകൾ ഇല്ലാത്ത സാധനങ്ങൾക്ക് പിഴ ഈടാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5. റെയിൽവേ സ്റ്റേഷൻ, വിമാനത്താവളം തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തുന്ന നികുതി വെട്ടിപ്പ് തടയുന്നതിനായി പ്രത്യേക പരിശോധന നടത്തുന്നു.

6. നികുതി പിരിവിൽ കുറവുണ്ടായിട്ടുള്ള ഓഫീസുകളിൽ കമ്മീഷണ റേറ്റിൽ നിന്നും നേരിട്ട് പരിശോധന നടത്തുന്നു.

7. കൂടാതെ നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റിഗേഷൻ വിംഗ് 2003 മുതൽ പ്രവർത്തിച്ചുവരുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന 52 ഇനം സാധനങ്ങൾക്ക് പ്രവേശന നികുതി ഈടാക്കുന്നുണ്ട്. അതിൽ 7 ഇനങ്ങൾക്ക് പ്രവേശനഘട്ടത്തിൽത്തന്നെ നികുതി ബാധകമാണ്. ഇതുമൂലം കള്ളക്കടത്തും നികുതി ചോർച്ചയും വലിയ ഒരളവോളം തടയാൻ കഴിയുന്നു.

വിൽപ്പന നികുതി വകുപ്പിൽ നികുതി കുറച്ചു ചുമത്തപ്പെട്ടതായ കേസുകൾ

20 [1989] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിൽപ്പന നികുതി വകുപ്പിൽ ക്രയവിക്രയ തുകയുടെ ഒഴിവാക്കൽ തെറ്റായി അനുവദിച്ചതിലൂടെ നികുതി കുറച്ചു ചുമത്തപ്പെട്ടതായ കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നികുതി കുറച്ചു ചുമത്തപ്പെടാനുണ്ടായ സാഹചര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) സർക്കാരിന് ഇതുവഴിയുണ്ടായ ഭീമമായ നഷ്ടം പരിഹരിച്ച് കാരണക്കാരായവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മദ്യവിൽപ്പനയിലൂടെ പിരിഞ്ഞുകിട്ടിയ വിൽപ്പന/എക്സൈസ് നികുതി

21 [1990] ശ്രീ. എ. പി. അനിൽ കുമാർ:
,, എം. പി. ഗംഗാധരൻ:
,, എം. മുരളി:
,, കെ. മുഹമ്മദാലി:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004-ൽ സംസ്ഥാനത്ത് മദ്യവിൽപ്പന മുഖേന എന്തു തുകയ്ക്കുള്ള വിൽപ്പന നികുതി പിരിഞ്ഞുകിട്ടി;

LIBRARY ARCHIVES Kerala Legislative Assembly